കെൽട്രോൺ നേരിടുന്ന പ്രതിസന്ധി

127 [2603] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഇലക്ട്രോണിക് ഡെവലപ്മെന്റ് കോർപ്പറേഷൻ (കെൽട്രോൺ) നേരിടുന്ന പ്രതിസന്ധി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ കാരണങ്ങളെക്കുറിച്ച് ഗവൺമെന്റ് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) കെൽട്രോൺ ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) കെൽട്രോൺ സ്ഥാപനങ്ങളുടെ വികസനത്തിനും ഉല്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനുമായി ഗവൺമെന്റ് എന്തെങ്കിലും പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇ.ആർ.സി. പഠനം നടത്തിവരികയാണ്.

(സി) കെൽട്രോൺ ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിനായി കമ്പനി വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്. മൺവിളയിലെ കെൽട്രോൺ കമ്മ്യൂണിക്കേഷൻ കോംപ്ലക്സിനും കുറ്റിപ്പുറത്തെ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡിനും കണ്ണൂരിലെ കെൽട്രോൺ കംപോണന്റ് കോപ്ലക്സ് ലിമിറ്റഡിനും ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. ഇതിനുപുറമെ അരൂരിലെ കെൽട്രോൺ കമ്പ്യൂട്ടർ ഉല്പാദന കേന്ദ്രത്തിന് അന്താരാഷ്ട്ര ഗുണനിലവാര സർട്ടിഫിക്കറ്റും ലഭിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

കെൽട്രോണിന്റെ ഉല്പാദന കേന്ദ്രങ്ങൾ

128 [2604] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാരിന്റെ പൂർണ്ണ നിയന്ത്രണത്തിലുള്ള കെൽട്രോണിലും അനുബന്ധ കമ്പനികളിലുമായി എത്രപേർ ജോലി ചെയ്യുന്നുവെന്ന് വ്യക്തമാക്കാമോ; കെൽട്രോണിന് കേരളത്തിൽ എവിടെയൊക്കെയാണ് ഉല്പാദന കേന്ദ്രങ്ങൾ ഉള്ളത്;

(ബി) ഏതെങ്കിലും കെൽട്രോൺ സ്ഥാപനങ്ങൾ വില്പന നടത്തുന്നതിനായി സർക്കാർ ആലോചനയുണ്ടോ; എങ്കിൽ അതിന്റെ നടപടികൾ ഏതുവരെയായി; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള സർക്കാരിന്റെ പൂർണ്ണ നിയന്ത്രണത്തിലുള്ള കെ.എസ്.ഇ.ഡി.സി.-യിലും അനുബന്ധ കമ്പനികളിലുമായി 2,601 പേർ ജോലി ചെയ്യുന്നുണ്ട്.

കരകുളം, കുളത്തൂർ, അരൂർ, മുടാടി എന്നിവിടങ്ങളിൽ കെ.എസ്.ഇ.ഡി.സി.-യുടെ നേരിട്ടുള്ള ഉല്പാദന കേന്ദ്രങ്ങളും കണ്ണൂർ, കുറ്റിപ്പുറം, ശ്രീകാര്യം എന്നിവിടങ്ങളിൽ സബ്സിഡിയറികളുടെ ഉല്പാദന കേന്ദ്രങ്ങളും ഉണ്ട്.

(ബി) ഉണ്ട്. കെൽട്രോൺ കൗണ്ടേഴ്സിന്റെ ട്രേഡ് സെയിലിനായി പരസ്യം ചെയ്തിട്ടുണ്ട്.

അടച്ചുപൂട്ടിയ കെൽട്രോൺ സ്ഥാപനങ്ങൾ

129 [2605] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോൺ സ്ഥാപനങ്ങളിൽ ഏതൊക്കെയാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്.;

(ബി) കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ കെൽട്രോണിന്റെ ഏതൊക്കെ യൂണിറ്റുകൾ അടച്ചുപൂട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ യൂണിറ്റുകൾ പൂട്ടിയതിന്റെ കാരണങ്ങൾ വിശദമാക്കുമോ;

(ഡി) കെൽട്രോൺ കൗണ്ടേഴ്സിലെ തൊഴിലാളികളെ പിരിച്ചുവിടുന്നതിന് നടപ്പിലാക്കിയ സ്കീം എന്താണെന്ന് വിശദമാക്കുമോ;

(ഇ) എംപ്ലോയീസ് സെപ്പറേഷൻ സ്കീം എന്ന പദ്ധതിയാണോ കെൽട്രോൺ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഈ പദ്ധതിയുടെ വിശദ വിവരം വെളിപ്പെടുത്തുമോ;

(എഫ്) എംപ്ലോയീസ് സെപ്പറേഷൻ സ്കീം നടപ്പിലാക്കിയ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് അവരുടെ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിതരണം ചെയ്ത സംഖ്യ എത്ര;

(ജി) കെൽട്രോൺ യൂണിറ്റുകളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) കെൽട്രോണിന്റെ ഉല്പാദന യൂണിറ്റുകളായ:—

1. കെൽട്രോൺ എക്യൂപ്മെന്റ് കോംപ്ലക്സ്, കരകുളം
2. കെൽട്രോൺ കമ്മ്യൂണിക്കേഷൻ കോംപ്ലക്സ്, മൺവിള, കുളത്തൂർ
3. കെൽട്രോൺ കൺട്രോൾസ്, അരൂർ
4. ട്രാൻസ്മിഷൻ എക്യൂപ്മെന്റ് യൂണിറ്റ്, മുടാടി
5. കെൽട്രോൺ കംപോണന്റ് കോംപ്ലക്സ്, കണ്ണൂർ
6. കെൽട്രോൺ ക്രിസ്റ്റൽസ് ലിമിറ്റഡ്, കണ്ണൂർ

LIBRARY ARCHIVES Kerala Legislative Assembly